പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2336 **27-10-2026-ൽ മറുപടിയ്ക്ക്**

വ്യവസായ സൗഹൃദ സൂചിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വ്യവസായ സൗഹൃദ സൂചികയിൽ മികച്ച പെർഫോർമർ എന്ന നിലയിൽ സംസ്ഥാനം കൈവരിച്ച നേട്ടം നിലനിർത്തുന്നതിനും കൂടുതൽ ഉയരങ്ങൾ കീഴടക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ 2026 പ്രകാരമുള്ള പരിഷ്കരണ നടപടികൾ സർക്കാർ നിലവിൽ നടപ്പിലാക്കിവരികയാണ്.

മുൻ പതിപ്പുകളിൽനിന്ന് വ്യത്യസ്തമായി, 2026-ലെ പ്രവർത്തനപദ്ധതിയിൽ സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (24 വകുപ്പുകൾ - 74 ശുപാർശകൾ), ഡിസ്ട്രിക്ട് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (29 വകുപ്പുകൾ - 219 ശുപാർശകൾ), സിംഗിൾ വിൻഡോ സിസ്റ്റം (30 വകുപ്പുകൾ - 46 ശുപാർശകൾ) എന്നീ മൂന്ന് ഘടകങ്ങളാണുള്ളത്. ഇവ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ള വിപുലമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഇതിൽ പ്രധാനമായും ഉൾപ്പെടുന്നത് താഴെ പറയുന്ന പരിഷ്കരണങ്ങളാണ്:-

- 80-ലധികം പുതിയ സേവനങ്ങളും ഉപസേവനങ്ങളും അപേക്ഷ സമർപ്പിക്കൽ മുതൽ അനുമതി ലഭ്യമാക്കൽ വരെയുള്ള എല്ലാ ഘട്ടങ്ങളിലും പൂർണമായും ഓൺലൈനായി ലഭ്യമാക്കുക. അനുമതികൾ, പുതുക്കലുകൾ, ഭേദഗതികൾ, കൈമാറ്റങ്ങൾ, റദ്ദാക്കൽ എന്നിവയ്ക്കായി നേരിട്ടുള്ള ഓഫീസ് സന്ദർശനങ്ങൾ ഒഴിവാക്കുന്ന സംവിധാനം നടപ്പിലാക്കുക.
- PAN അടിസ്ഥാനമാക്കിയുള്ള ഏകീകൃത സൈൻ-ഓൺ (Single Sign-On), ഏകീകൃത KYC സംവിധാനം, അപേക്ഷകന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഡൈനാമിക് പൊതുഅപേക്ഷാ ഫോം (Dynamic Common Application Form), ഏകീകൃത ഓൺലൈൻ പേയ്മെന്റ് സംവിധാനം എന്നിവ നടപ്പിലാക്കി ആവർത്തിച്ചുള്ള വിവര-രേഖാ സമർപ്പണം ഒഴിവാക്കുക.
- അപേക്ഷകളുടെ നിലവിലെ സ്ഥിതി, തീർപ്പാക്കലിന് എടുക്കുന്ന സമയം, വകുപ്പുതലത്തിലുള്ള പുരോഗതി, പരിശോധനകളുടെ വിവരങ്ങൾ എന്നിവ തത്സമയം ലഭ്യമാക്കുന്ന ഡാഷ്ബോർഡുകൾ നടപ്പിലാക്കുക.
- ആവശ്യമായ അനുമതികൾ, ബന്ധപ്പെട്ട വകുപ്പുകൾ, രേഖകൾ, ഫീസ്, സമയപരിധികൾ എന്നിവ അറിയുന്നതിനായി 'Know Your Approval', വിവിധ സർക്കാർ പദ്ധതികൾ പ്രകാരമുള്ള

ആനുകൂല്യങ്ങൾ അറിയുന്നതിനായി 'Know Your Incentive' എന്നീ സംവിധാനങ്ങൾ വികസിപ്പിക്കുക, നിയമങ്ങളിലെ ക്രിമിനൽ വ്യവസ്ഥകൾ കൃത്യമായി തരംതിരിച്ച് പ്രസിദ്ധീകരിക്കുകയും അവയുടെ പ്രയോഗം ഡിജിറ്റലായി നിരീക്ഷിക്കുന്ന സംവിധാനം ഒരുക്കുകയും ചെയ്യുക.

- അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള പരിശോധനകൾ, ഏകീകൃത പരിശോധനാ ചെക്ക്‌ലിസ്റ്റുകൾ, സംയുക്ത പരിശോധനകൾ, പരിശോധനാ റിപ്പോർട്ടുകളുടെ ഡിജിറ്റൽ ലഭ്യത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- AI Chatbot, അപേക്ഷകരുടെ സംശയങ്ങൾ പരിഹരിക്കുന്ന സഹായസംവിധാനങ്ങൾ, പരാതികളുടെ ഓൺലൈൻ രജിസ്ട്രേഷനും തുടർനിരീക്ഷണവും, 'Intent to Invest' സംവിധാനം എന്നിവ വികസിപ്പിക്കുക. നിക്ഷേപകർക്ക് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതു മുതൽ അനുമതികൾ ലഭ്യമാക്കുന്നതുവരെയുള്ള ഘട്ടങ്ങളിൽ ആവശ്യമായ സഹായം ഉറപ്പാക്കുക
- ജില്ലാ തലത്തിലുള്ള അനുമതികളും സേവനങ്ങളും ഡിജിറ്റൽ സംവിധാനങ്ങളിലൂടെ സമയബന്ധിതമായി ലഭ്യമാക്കുക, പരിശോധനകളുടെ ഏകോപനം മെച്ചപ്പെടുത്തുക, നിക്ഷേപക സഹായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ടയർ-2, ടയർ-3 നഗരങ്ങളിലെ സ്റ്റാർട്ടപ്പുകളുടെ വളർച്ചയും വ്യവസായ പാർക്കുകളുടെ വികസനവും പ്രോത്സാഹിപ്പിക്കുക.
- തിരഞ്ഞെടുത്ത രജിസ്ട്രേഷനുകൾ, ലൈസൻസുകൾ, നിരാക്ഷേപപത്രങ്ങൾ (NOC) എന്നിവയുടെ കാലാവധി സ്ഥിരമാക്കുകയോ ദീർഘിപ്പിക്കുകയോ ചെയ്യുക. വാർഷിക സ്വയംസാക്ഷ്യപ്പെടുത്തൽ, പരാതിയിന്മേലുള്ള നടപടി, അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള പരിശോധനകൾ എന്നിവയിലൂടെ കംപ്ലയൻസ് ഉറപ്പാക്കുകയും പുതുക്കൽ ആവശ്യമായ സാഹചര്യങ്ങളിൽ മുൻപ് സമർപ്പിച്ച വിവരങ്ങളും രേഖകളും വീണ്ടും ഉപയോഗിക്കാൻ സൗകര്യമൊരുക്കുകയും ചെയ്യുക.

കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അനുമതികൾ ലഭ്യമാക്കുന്നതിലെ കാലതാമസം കുറയ്ക്കുന്നതിനും സേവനവിതരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും മെച്ചപ്പെടുത്തുന്നതിനുമായി നിരവധി വകുപ്പുതല പരിഷ്കാരങ്ങളും BRAP 2026-ന്റെ ഭാഗമായി നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ